# വിശാല കൊച്ചി വികസന അതോറിറ്റി

**പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി-682020**

**Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com**


*"ഭരണഭാഷ - മാതൃഭാഷ"*

നമ്പർ. 7782/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 01.11.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ഇ.ബി. സുരേഷ് ബാബു
ഗോകുലം,
LIG No-I, മാവേലിപുരം,
കാക്കനാട്, കൊച്ചി - 20.

സർ,

വിഷയം:- ജി.സി.ഡി.എ. - ഭരണ വിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 03.10.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം (1):- മാവേലിപുരം ഹൗസിംഗ് സ്കീമിന്റെ ഒറിജിനൽ പ്രോജക്ട് റിപ്പോർട്ടിന്റെ ശരി പകർപ്പ്?

ഉത്തരം :- ആവശ്യപ്പെട്ടിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് ജിസിഡിഎയിൽ ലഭ്യമല്ല.

ചോദ്യം (2):- മാവേലിപുരം പാർപ്പിട കേന്ദ്ര നിവാസികളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഒരു ഹാൾ നിർമ്മിക്കുന്നതിന് ഹൗസിംഗ് സ്കീമിന്റെ തന്നെ ഭാഗമായ കെ.റ്റി. ജോർജ്ജ് മെമ്മോറിയൽ പാർക്കിൽ നിന്ന് 20 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി 1986 ഡിസംബർ 5-ാം തീയതി ജിസിഡിഎ-യും മാവേലിപുരം റസിഡന്റ് അസ്സോസിയേഷനും തമ്മിൽ 30 വർഷത്തെ കാലാവധി വച്ച് ഏർപ്പെട്ട പാട്ടക്കരാറിന്റെ ശരി പകർപ്പ്?

ഉത്തരം :- പാട്ടക്കരാറിന്റെ പകർപ്പ് ലഭ്യമാണ് (7 പേജ്).

ചോദ്യം (3):- EMS Memorial Library സ്ഥാപിക്കുന്നതിനും പിന്നീട് അതിന്റെ വികസനത്തിനുമായി എത്ര സെന്റ് സ്ഥലം വീതമാണ് ജില്ലാ സഹകരണ ബാങ്കിന് കെ.ടി. ജോർജ്ജ് മെമ്മോറിയൽ പാർക്കിൽ നിന്ന് വിട്ടു നൽകിയത്. ഓരോ പ്രാവശ്യവും എത്ര രൂപ വിലയ്ക്കാണ് ബാങ്കിന് ജിസിഡിഎ സ്ഥലം നൽകിയത്?

ഉത്തരം :- ഇ.എം.എസ്. മെമ്മോറിയൽ ലൈബ്രറി സ്ഥാപിക്കുന്നതിനും ആയതിന്റെ വികസനത്തിനുമായി രണ്ട് തവണയായി ആകെ 50 സെന്റ് സ്ഥലം നൽകിയിട്ടുള്ളതാണ്.

18.09.2001 ലെ സെയിൽസ് ഡീഡ് പ്രകാരം 1011.70 മീറ്റർ സ്ക്വയർ സ്ഥലത്തിന് 10,00,000/- രൂപയും, ആയതിന് ശേഷം നൽകിയ 1011.7 മീറ്റർ സ്ക്വയർ സ്ഥലത്തിന് 1,50,00,000/- രൂപയും സ്ഥല വിലയായി ഈടാക്കിയിട്ടുള്ളതാണ്.

ചോദ്യം (4):- ഹൗസിംഗ് സ്കീമിൽപ്പെടുന്ന ഹൗസ് പ്ലോട്ടുകൾ വിൽപ്പന നടത്തിയപ്പോൾ സ്കീമിൽപ്പെടുന്ന ഇടറോഡുകളുടേയും പാർക്കുകളുടേയും സ്ഥല വില കൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അപ്രകാരം മേൽപ്പറഞ്ഞ കെ.ടി. ജോർജ്ജ് മെമ്മോറിയൽ പാർക്കിന്റെ സ്ഥലവില മാവേലിപുരത്തെ സ്ഥല ഉടമകളിൽ നിന്ന് ഈടാക്കിയിട്ടുള്ള

സ്ഥിതിയ്ക്ക് നോൺ സെയിലബിളായി നിലനിൽക്കുന്ന, ഹൗസിംഗ് കോളനി നിവാസികളുടെ ഉപയോഗത്തിനായി നീക്കി വച്ചിട്ടുള്ള ഒരു സ്ഥലമാണിത്. നാടിനും ദേശത്തിനും ഉപകാരപ്രദമായ ലൈബ്രറിയുടെ സ്ഥാപനം ഒരു പൊതു താൽപ്പര്യ വിഷയമായി പരിഗണിച്ചാണ് മാവേലിപുരം റസിഡന്റ്സ് അസ്സോസിയേഷൻ കെ.ടി. ജോർജ്ജ് പാർക്കിൽ നിന്ന് ലൈബ്രറി നിർമ്മാണത്തിന് രണ്ടു പ്രാവശ്യമായി 50 സെന്റോളം സ്ഥലം വിട്ടു നൽകുന്നതിന് സമ്മതം നൽകിയത്. മാവേലിപുരത്തെ സ്ഥല ഉടമകളിൽ നിന്ന് ഒരിക്കൽ സ്ഥലവില ഈടാക്കിയിട്ടുള്ള മേൽ പറഞ്ഞ സ്ഥലം മാവേലിപുരം റസിഡന്റ്സ് അസ്സോസിയേഷന്റെ സമ്മതത്തോടെ സൗജന്യമായി വിട്ടു നൽകുന്നതിനും പകരം വീണ്ടും വില നിശ്ചയിച്ച് ജിസിഡിഎ വിൽപ്പന നടത്തിയതിന് ആധാരമായ നിയമം ഏതാണ്?

ഉത്തരം :- ഹൗസിംഗ് സ്കീമിൽപ്പെടുന്ന ഹൗസ്/പ്ലോട്ടുകൾ വിൽപ്പന നടത്തിയപ്പോൾ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ഈ റോഡുകളുടെയും പാർക്കുകളുടെയും സ്ഥല വില കൂടി ഉൾപ്പെടുത്തി ഈടാക്കിയിട്ടുള്ളതായി രേഖകൾ ഒന്നും തന്നെ ഫയലുകളിൽ കാണുന്നില്ല.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ് അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

RPR